ടിയെന്നോണം സെക്രട്ടേറിയറ്റിൽ ഒരു പുതിയ വകുപ്പ് ഒരു സെക്രട്ടറിയുടെ മുഴുവൻ ചുമതലയിൽ ഏർപ്പെടുത്തി, അഴിമതിനിവാരണത്തിനു വേണ്ട ഊർജ്ജിതമായ നടപടികളും എടുത്തുവരുന്നു.

സ്റ്റോറ് ഇൻഷ്വറൻസ് സ്കീം.

* 280. [42] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റോറ് ഇൻഷ്വറൻസ് സ്കീം കൂടുതൽ കാര്യക്ഷമമാക്കുന്നതിനു് ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനകം ആകെ എത്ര രൂപയുടെ പാളിസി ചെലവായിട്ടുണ്ടു്;

(സി) പ്രതിവർഷം എത്ര രൂപയുടെ വരവുണ്ടു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കാര്യക്ഷമതയ്ക്കു് കുറവില്ല. കൂടുതൽ വിപുലമാക്കുന്നതിനു് ഉദ്ദേശിക്കുന്നുണ്ടു്.

(ബി) 6 കോടി 71 ലക്ഷം രൂപയുടെ പാളിസി ചെലവായിട്ടുണ്ടു്.

(സി) 38 ലക്ഷം രൂപ.

കൈത്തറി വ്യവസായ സഹകരണ സംഘങ്ങൾ.

* 281. [43] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി വ്യവസായ സഹകരണ സംഘങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനുവേണ്ടി ഗവണ്മെൻറ് എന്തെല്ലാം ആനുകൂല്യങ്ങളാണു് ചെയ്യുന്നതു്;

(ബി) 1955 മേയ് 1-ാംതീയതി നെയ്യാറ്റിൻകര കൂടിയ കൈത്തറി നെയ്ത്തു സഹകരണ സംഘപ്രതിനിധിസമ്മേളനത്തിലെ തീരുമാനങ്ങൾ ഗവണ്മെൻറിന്റെ മുൻപിൽ സമർപ്പിച്ചിട്ടുണ്ടോ;

(സി) എന്തെല്ലാം ആവശ്യങ്ങളാണു് ആ സമ്മേളനം ഉന്നയിച്ചിരുന്നതു്; ഗവണ്മെൻറ് അതിന്മേൽ എന്തു തീരുമാനം ചെയ്തു?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കൈത്തറി വ്യവസായസഹകരണസംഘങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനുവേണ്ടി ഗവണ്മെൻറിൽനിന്നും അഖില ഭാരത ഹാൻഡ്ലൂം ബോർഡിന്റെ നിർദ്ദേശാനുസരണമുള്ള ആനുകൂല്യങ്ങളും ചെയ്യുന്നുണ്ടു്. † വിവരങ്ങളടങ്ങിയ സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വയ്ക്കുന്നു.

(ബി) ഉണ്ടു്.

(സി) ആ സമ്മേളനം ഉന്നയിച്ചിരുന്ന ആവശ്യങ്ങളും അതിന്മേൽ ഗവണ്മെൻറ് സ്വീകരിച്ച നടപടികളും ഉൾക്കൊള്ളുന്ന സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വയ്ക്കുന്നു.

† Please see Appendix VII.

LIBRARY ARCHIVES Kerala Legislative Assembly